**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **02-08-2021 - ൽ മറുപടിയ്ക്ക്**

**ചലഞ്ച് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കോട്ടയം ജില്ലയിലെ ഏതെല്ലാം എയ്ഡഡ് സ്കൂളുകളാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ നിന്നും ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി അപേക്ഷ നൽകിയ 6 സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. 1. സെന്റ് റോക്കീസ് യു.പി.സ്കൂൾ, കോട്ടയം 2. എൻ.എസ്.എം.സി.എം.എസ്.എൽ.പി.സ്കൂൾ, മൂലേടം 3. സെന്റ് തോമസ് യു.പി.എസ്, കുറുമള്ളൂർ 4. ശ്രീകൃഷ്ണ വി.എച്ച്.എസ്.എസ്, കുറിച്ചിത്താനം 5. സെന്റ് ലിറ്റിൽ തെരാസീസ് ഗേൾസ് എച്ച്.എസ്.എസ്. വൈക്കം 6. സെന്റ് ജോസഫ് എൽ.പി.എസ്, ഇരവിമംഗലം |
| (ബി) | ഇവയിൽ ഏതെല്ലാം സ്കൂളുകളിലെ, പ്രസ്തുത ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | 6 സ്കൂളുകൾക്കും ഭരണാനുമതി നൽകി യിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1,2-ൽ ഉൾക്കൊള്ളിച്ചി ട്ടുണ്ട്. |
| (സി) | ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (സി) | സ.ഉ (അച്ചടി) നം. 156/2019/ധന തീയതി 15/11/2019 നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് ചലഞ്ച് ഫണ്ടിന് അപേക്ഷ തയ്യാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശുപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പൊതുവിദ്യാഭ്യാസ വകുപ്പ് [illegible] എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിന് ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ഉത്തരവ് നമ്പർ. ഡബ്ല്യു1/30602/2018/ഡി.പി.ഐ. തീയതി. 02/02/2019

പരാമർശം :- 1. 01/03/2018 ലെ സ.ഉ. (അച്ചടി) നം. 30/2018/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 03/09/2018 ലെ 269163/പി2/2018/പൊ.വി. നമ്പർ സർക്കാർ നിർദ്ദേശം.

## സംഗ്രഹം

2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു. ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 50 ലക്ഷം രൂപയോ ഇതിലേയ്ക്കായി സർക്കാർ നൽകുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് പരാമർശം (1) ലെ ഉത്തരവിൽ പറഞ്ഞിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി 2202-02-001-79 (പി) എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് താഴെപറയുന്ന സ്കൂളുകൾക്ക് പ്രധാനാധ്യാപകൻ/പി.ടി.എ/സ്കൂൾ വികസന സമിതി/അക്രഡിറ്റ് ഏജൻസി മുഖേന നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | ജില്ല | ചലഞ്ച് ഫണ്ടിനായി നിശ്ചിത സ്കൂൾ വിഹിതം പ്രധാനാധ്യാപകരുടെ പേരിൽ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച തുകയുടെ വിവരം | ഭരണാനുമതി നൽകുന്ന തുക |
|---|---|---|---|---|
| 1 | കല്ലുവാതുക്കൽ യു.പി.എസ്. | കൊല്ലം | 25 ലക്ഷം | 25 ലക്ഷം |

| | | | | |
|---|---|---|---|---|
| 2 | മാന്നാർ നായർ സമാജം ഹയർ സെക്കന്ററി സ്കൂൾ | ആലപ്പുഴ | 35 ലക്ഷം | 35 ലക്ഷം |
| 3 | സെന്റ് റോക്കീസ് യു.പി. സ്കൂൾ, കോട്ടയം | കോട്ടയം | 40 ലക്ഷം | 40 ലക്ഷം |
| 4 | എൻ.എസ്.എം.സി.എം.എസ്. എൽ.പി. സ്കൂൾ, മൂലേടം | കോട്ടയം | 2 ലക്ഷത്തി ഇരുപതി നായിരം | 2 ലക്ഷത്തി ഇരുപതി നായിരം |
| 5 | സെന്റ് തോമസ് യു.പി. സ്കൂൾ കുറുമുള്ളൂർ | കോട്ടയം | 40 ലക്ഷം | 40 ലക്ഷം |
| 6 | ശ്രീകൃഷ്ണ വി.എച്ച്.എസ്.എസ്. കുറിച്ചിത്താനം, കോട്ടയം | കോട്ടയം | 50 ലക്ഷം | 50 ലക്ഷം |
| 7 | എ.യു.പി. സ്കൂൾ ചങ്ങലീരി | പാലക്കാട് | 40 ലക്ഷം | 40 ലക്ഷം |
| 8 | സെന്റ് സ്റ്റീഫൻസ് എൽ.പി. സ്കൂൾ രാജഗിരി, കള്ളമല | പാലക്കാട് | 25 ലക്ഷം | 25 ലക്ഷം |
| 9 | സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്. പരിയാരം | തൃശ്ശൂർ | 40 ലക്ഷം | 40 ലക്ഷം |
| 10 | സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ മതിലകം | തൃശ്ശൂർ | 54 ലക്ഷം | 50 ലക്ഷം |
| 11 | കറുത്തേടത്ത് എ.എം.എൽ.പി. സ്കൂൾ | മലപ്പുറം | 25 ലക്ഷം | 25 ലക്ഷം |
| 12 | എം.എസ്.എം. ഹയർ സെക്കന്ററി സ്കൂൾ കല്ലിങ്കൽപറമ്പ, കൽപകഞ്ചേരി | മലപ്പുറം | 50 ലക്ഷം | 50 ലക്ഷം |
| 13 | എ.എം.യു.പി.എസ്. കൂട്ടിൽ, മങ്കട | മലപ്പുറം | 25 ലക്ഷം | 25 ലക്ഷം |
| 14 | മേമുണ്ട ഹയർ സെക്കന്ററി സ്കൂൾ | കോഴിക്കോട് | 50 ലക്ഷം | 50 ലക്ഷം |
| 15 | മേരിലാന്റ് ഹൈസ്കൂൾ മടമ്പം | കണ്ണൂർ | 50 ലക്ഷം | 50 ലക്ഷം |
| 16 | ചെറുകുന്ന് മുസ്ലീം എൽ.പി. സ്കൂൾ പള്ളിച്ചാൽ | കണ്ണൂർ | 25 ലക്ഷം | 25 ലക്ഷം |
| 17 | സെന്റ് മേരീസ് എൽ.പി. സ്കൂൾ പുന്നച്ചേരി | കണ്ണൂർ | 25 ലക്ഷം | 25 ലക്ഷം |

1. ചലഞ്ച് ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളിന്റെ പ്രധാനാധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
2. സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിർമ്മാണാനുമതി ലഭിച്ച പദ്ധതികൾ തന്നെയാണോ നടപ്പിലാക്കുന്നത് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
3. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറായിരിക്കണം നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടത്.

4. 01.03.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 30/2018/ധന ഉത്തരവിലെ ഖണ്ഡിക (8) നിർദ്ദേശങ്ങൾക്ക് വിധേയമായി മാനേജ്മെന്റ് വിഹിതം, സർക്കാർ വിഹിതം എന്നിവ 1:1 എന്ന അനുപാതത്തിലായിരിക്കണം ചെലവഴിക്കേണ്ടത്.
5. സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നത് അത്യാവശ്യമാകയാൽ മേൽ നിബന്ധനകൾക്കും ധനകാര്യ വകുപ്പിന്റെ 30/2018 ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി 2202-02-001-79 (പി) ശീർഷകത്തിൽ സർക്കാർ വിഹിതം അനുവദിക്കുന്നത് വരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് മാനേജ്മെന്റ് വിഹിതത്തിൽ നിന്നും അഡ്വാൻസ് തുക ചെലവഴിക്കാൻ പ്രധാനാധ്യാപകർക്ക് ഇതിനാൽ അനുവാദം നൽകുന്നു.
6. ചെയ്യുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.
7. ഇപ്രകാരം സ്കൂൾ വിഹിതത്തിന് പുറമെ ആവശ്യമെങ്കിൽ അധിക തുക മാനേജ്മെന്റിന് ചെലവഴിക്കാവുന്നതും അങ്ങനെ ചെലവഴിച്ച സംഖ്യ സർക്കാർ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ വിഹിതത്തിൽ നിന്നും സ്കൂൾ വിഹിതത്തിലേയ്ക്ക് തിരിച്ചെടുക്കാവുന്നതാണ്.
8. 01.03.2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 30/2018/ധന. എന്ന സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം ഈ പദ്ധതി നടപ്പിലാക്കേണ്ടത്.

സർക്കാർ പണം പൂർണമായും ഇൻഫ്രാസ്ട്രക്ചറിനു മാത്രമേ അനുവദിക്കുകയുള്ളൂ.

**ജെസ്സി ജോസഫ്**
**(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പൂർണ അധിക ചുമതല)**

പകർപ്പ് :-

ഗവൺമെന്റ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള
ബന്ധപ്പെട്ട എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ പ്രഥമാധ്യാപകർ/മാനേജർമാർ
സി.എ. ടു ഡി.പി.ഐ/എ.ഡി.പി.ഐ/സീനിയർ എഫ്.ഒ./ഇ.എൽ.ഒ.

പൊതുവിദ്യാഭ്യാസം-വാർഷിക പദ്ധതി 2017-18 സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിൽ ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ഉത്തരവ് നമ്പർ. ഡബ്ല്യൂ1/30602/2018/ഡി.പി.ഐ    തീയതി. 16/08/2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം :- 1. 01/03/2018 ലെ സ.ഉ. (അച്ചടി) നം. 30/2018/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 03/09/2018 ലെ 2692163/പി2/2018/പൊ.വി. നമ്പർ സർക്കാർ നിർദ്ദേശം.

## സംഗ്രഹം

2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേയ്ക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു. ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 50 ലക്ഷം രൂപയോ ഇതിലേയ്ക്കായി സർക്കാർ നൽകുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് പരാമർശം (1) ലെ ഉത്തരവിൽ പറഞ്ഞിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി 2202-02-001-79 (പി) എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് താഴെപറയുന്ന സ്കൂളുകൾക്ക് പ്രധാനാധ്യാപകൻ/പി.ടി.എ/സ്കൂൾ വികസന സമിതി/അക്രഡിറ്റ് ഏജൻസി മുഖേന നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | ജില്ല | ചലഞ്ച് ഫണ്ടിനായി നിശ്ചിത സ്കൂൾ വിഹിതം പ്രാധാനാധ്യാപകരുടെ പേരിൽ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച തുകയുടെ വിവരം | ഭരണാനുമതി നൽകുന്ന തുക |
|---|---|---|---|---|
| ✓ | സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വൈക്കം | കോട്ടയം | 50 ലക്ഷം | 50 ലക്ഷം |

| | | | | |
|---|---|---|---|---|
| 2 | സെന്റ് ജോസഫ് എൽ.പി. സ്കൂൾ ഇരവിമംഗലം | കോട്ടയം | 25 ലക്ഷം | 25 ലക്ഷം |
| 3 | കല്ലടി അബ്ദുഹാജി ഹയർ സെക്കന്ററി സ്കൂൾ കോട്ടോപ്പാടം പാലക്കാട് | പാലക്കാട് | 39 ലക്ഷം | 39 ലക്ഷം |
| 4 | ചെട്ട്യാത്ത് യു.പി. സ്കൂൾ പുതുപ്പണം വടകര | കോഴിക്കോട് | 40 ലക്ഷം | 40 ലക്ഷം |

1. ചലഞ്ച് ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളിന്റെ പ്രധാനാധ്യാപകർ ബന്ധപ്പെട്ട എ.ഇ.ഒ./ഡി.ഇ.ഒയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
2. സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിർമ്മാണാനുമതി ലഭിച്ച പദ്ധതികൾ തന്നെയാണോ നടപ്പിലാക്കുന്നത് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
3. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറായിരിക്കണം നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടത്.
4. 01.03.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 30/2018/ധന ഉത്തരവിലെ ഖണ്ഡിക (8) നിർദ്ദേശങ്ങൾക്ക് വിധേയമായി മാനേജ്മെന്റ് വിഹിതം, സർക്കാർ വിഹിതം എന്നിവ 1:1 എന്ന അനുപാതത്തിലായിരിക്കണം ചെലവഴിക്കേണ്ടത്.
5. സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നത് അത്യാവശ്യമാകയാൽ മേൽ നിബന്ധനകൾക്കും ധനകാര്യ വകുപ്പിന്റെ 30/2018 ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി 2202-02-001-79 (പി) ശീർഷകത്തിൽ സർക്കാർ വിഹിതം അനുവദിക്കുന്നത് വരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് മാനേജ്മെന്റ് വിഹിതത്തിൽ നിന്നും അഡ്വാൻസ് തുക ചെലവഴിക്കാൻ പ്രധാനാധ്യാപകർക്ക് ഇതിനാൽ അനുവാദം നൽകുന്നു.
6. ചെയ്യുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.
7. ഇപ്രകാരം സ്കൂൾ വിഹിതത്തിന് പുറമെ ആവശ്യമെങ്കിൽ അധിക തുക മാനേജ്മെന്റിന് ചെലവഴിക്കാവുന്നതും അങ്ങനെ ചെലവഴിച്ച സംഖ്യ സർക്കാർ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ വിഹിതത്തിൽ നിന്നും സ്കൂൾ വിഹിതത്തിലേയ്ക്ക് തിരിച്ചെടുക്കാവുന്നതാണ്.

| | | | | |
|---|---|---|---|---|
| 2 | സെന്റ് ജോസഫ് എൽ.പി. സ്കൂൾ ഇരവിമംഗലം | കോട്ടയം | 25ലക്ഷം | 25 ലക്ഷം |
| 3 | കല്ലടി അബ്ദുഹാജി ഹയർ സെക്കന്ററി സ്കൂൾ കോട്ടോപ്പാടം പാലക്കാട് | പാലക്കാട് | 39 ലക്ഷം | 39 ലക്ഷം |
| 4 | ചെട്ട്യാത്ത് യു.പി. സ്കൂൾ പുതുപ്പണം വടകര | കോഴിക്കോട് | 40 ലക്ഷം | 40 ലക്ഷം |

1. ചലഞ്ച് ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളിന്റെ പ്രധാനാധ്യാപകർ ബന്ധപ്പെട്ട എ.ഇ.ഒ./ഡി.ഇ.ഒയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
2. സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിർമ്മാണാനുമതി ലഭിച്ച പദ്ധതികൾ തന്നെയാണോ നടപ്പിലാക്കുന്നത് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
3. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറായിരിക്കണം നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടത്.
4. 01.03.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 30/2018/ധന ഉത്തരവിലെ ഖണ്ഡിക (8) നിർദ്ദേശങ്ങൾക്ക് വിധേയമായി മാനേജ്മെന്റ് വിഹിതം, സർക്കാർ വിഹിതം എന്നിവ 1:1 എന്ന അനുപാതത്തിലായിരിക്കണം ചെലവഴിക്കേണ്ടത്.
5. സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നത് അത്യാവശ്യമാകയാൽ മേൽ നിബന്ധനകൾക്കും ധനകാര്യ വകുപ്പിന്റെ 30/2018 ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി 2202-02-001-79 (പി) ശീർഷകത്തിൽ സർക്കാർ വിഹിതം അനുവദിക്കുന്നത് വരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് മാനേജ്മെന്റ് വിഹിതത്തിൽ നിന്നും അഡ്വാൻസ് തുക ചെലവഴിക്കാൻ പ്രധാനാധ്യാപകർക്ക് ഇതിനാൽ അനുവാദം നൽകുന്നു.
6. ചെയ്യുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കേണ്ടതാണ്.
7. ഇപ്രകാരം സ്കൂൾ വിഹിതത്തിന് പുറമെ ആവശ്യമെങ്കിൽ അധിക തുക മാനേജ്മെന്റിന് ചെലവഴിക്കാവുന്നതും അങ്ങനെ ചെലവഴിച്ച സംഖ്യ സർക്കാർ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ വിഹിതത്തിൽ നിന്നും സ്കൂൾ വിഹിതത്തിലേയ്ക്ക് തിരിച്ചെടുക്കാവുന്നതാണ്.

//

3. 01.03.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 30/2018/ധന. എന്ന സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം ഈ പദ്ധതി നടപ്പിലാക്കേണ്ടത്.

സർക്കാർ പണം പൂർണമായും ഇൻഫ്രാസ്ട്രക്ചറിനു മാത്രമേ അനുവദിക്കുകയുള്ളൂ.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :-

ഗവൺമെന്റ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള
ബന്ധപ്പെട്ട എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ പ്രധമാധ്യാപകർ/മാനേജർമാർ
സി.എ. ടു ഡി.ജി.ഇ./എ.ഡി.ജി.ഇ./സീനിയർ എഫ്.ഒ./ഇ.എൽ.ഒ.

അനുബന്ധം - 3

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ചലഞ്ച് ഫണ്ട് പദ്ധതിക്കായുള്ള മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.156/2019/ധന. 15/11/2019. തിരുവനന്തപുരം,തീയതി :

---

**പരാമർശം:**
1. സ.ഉ.(അച്ചടി) നം. 109/2017/ധന. തീയതി 18/08/2017.
2. സ.ഉ.(അച്ചടി) നം. 30/2018/ധന. തീയതി 01/03/2018.
3. സ.ഉ.(അച്ചടി) നം. 24/2019/ധന. തീയതി 06/03/2019.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/10/2019 ലെ ഡബ്ല്യൂ1/30602/2018/ഡി.ജി.ഇ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) മുതൽ (3) വരെയുള്ള ഉത്തരവുകൾ പ്രകാരം എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി രൂപീകരിച്ച ചലഞ്ച് ഫണ്ട് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ഒരു സ്കൂളിന് പരമാവധി ഒരു കോടി രൂപ വരെ ചലഞ്ച് ഫണ്ടായി സമാഹരിക്കാവുന്നതാണ്. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് പ്രവൃത്തികൾ തുടങ്ങുവാൻ ബുദ്ധിമുട്ട് നേരിടുന്നുവെന്നും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് പകരം പ്രസ്തുത പണം ഉപയോഗിച്ച് പ്രവൃത്തികൾ നേരിട്ട് ചെയ്യാൻ അനുവദിക്കണമെന്നും മാനേജ്മെന്റുകൾ അറിയിച്ചതായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കായി പദ്ധതിയുടെ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യേണ്ടതിനുള്ള നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അതത് മാനേജ്മെന്റുകൾ ഒരു മാസ്റ്റർ പ്ലാൻ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ആയതനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതുമാണ്. അപ്രകാരം സമർപ്പിക്കുന്ന പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ഭരണാനുമതിക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തിക്കുള്ള നിർമ്മാണാനുമതി ഉത്തരവ് നൽകേണ്ടതുമാണ്. നിർമ്മാണാനുമതി ലഭിച്ചാലുടൻ ബന്ധപ്പെട്ട

ഡി.ഇ.ഒ/എ.ഇ.ഒ മുഖേന, മാനേജ്മെന്റ്/പ്രധാനാധ്യാപകര്‍ [illegible] പ്ലാറ്റ്ഫോര്‍മതിലുള്ള എഗ്രിമെന്റ് [illegible] പ്രസ്തുത [illegible] പൊതു [illegible] വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതാണ്

2. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതില്ല. പകരം പ്രസ്തുത വിഹിതം ഉപയോഗിച്ച് മാനേജ്മെന്റിന് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. സർക്കാർ വിഹിതം ലഭിക്കുന്നതിലേക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, 01/03/2018 ലെ സ.ഉ(അച്ചടി)നം.30/2018/ധന ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള ശിപാർശകൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കേണ്ടതാണ്.

3. 01/03/2018 ന് മുൻപ് ആരംഭിച്ച പ്രവൃത്തികൾക്ക് ചലഞ്ച് ഫണ്ട് പദ്ധതിക്ക് കീഴിലുള്ള സർക്കാർ വിഹിതത്തിന് അർഹതയില്ല. എന്നാൽ 01/03/2018 ന് ശേഷം ആരംഭിച്ചതും ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഇത് വരെ ഉൾപ്പെടാത്തതുമായ പ്രവൃത്തികൾക്ക് വേണ്ടി സർക്കാർ വിഹിതത്തിനായി അപേക്ഷിക്കാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ഇത്തരം പ്രവൃത്തികളുടെ വാല്യൂ നിശ്ചയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ടി വരുന്ന തുകയുടെ 50%, 01/03/2018 ലെ സ.ഉ(അച്ചടി)നം.30/2018/ധന ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, ചലഞ്ച് ഫണ്ട് പദ്ധതിയുടെ മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്.

4. താഴെ പറയുന്ന പ്രവൃത്തികളെ കൂടി ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

   a) സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/കളിസ്ഥല നിർമ്മാണം.
   b) സ്കൂൾ ചുറ്റുമതിൽ നിർമ്മാണം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്. ഉഷ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ), കേരള. തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ,-ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്